ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഇതുവരെ മൊത്തം 459 ആളുകൾ ചേർന്നിട്ടുണ്ട്. മൊത്തം 5,82,000 രൂപ സമാഹരിക്കാൻ കഴിഞ്ഞു.

(ബി) 1977 നവംബറിൽ ആരംഭിച്ച ഈ പദ്ധതിയിൽ 1977-78 സാമ്പത്തികവർഷത്തിൽ 277 പേർ ചേരുകയും 1,15,300 രൂപ പിരിക്കുകയും ചെയ്തു. 78-79 ൽ 12-3-1979 വരെ 192 പേർ ചേർന്നിട്ടുണ്ട്. 77-78-ൽ ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ തുക ഉൾപ്പെടെ മൊത്തം 5,62,900 രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ഡി. ഇ. ഒ. ഓഫീസുകളിലെ കാലതാമസവും അഴിമതിയും

*461 [485] ശ്രീ. പി. ബി. ആർ. പിള്ള:

,, പി. ഭാസ്കരൻ:

,, എം. കെ. കേശവൻ:

,, കല്ലട നാരായണൻ:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി. ഇ. ഒ. ആഫീസുകളിലെ കാലതാമസവും അഴിമതിയുംകൊണ്ട് വർഷങ്ങളായി പെൻഷൻ കിട്ടാത്ത ചില കേസുകൾ പത്രത്തിൽ വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) പെൻഷൻ ആനുകൂല്യം ലഭിക്കാത്ത ചില കേസ്സുകളെക്കുറിച്ച് 24-12-1978-ൽ മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയിൽ മിക്കതും അന്തിമതീരുമാനം ആയിക്കഴിഞ്ഞു.

കശുവണ്ടിയുടെ വിൽപ്പന നികുതി

*462 [486] ശ്രീ. കെ. വി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ വിൽപ്പന നികുതി ഏതു പോയിന്റിലാണ് ഈടാക്കുന്നത്;

(ബി) പ്രൈമറി സൊസൈറ്റികളെ കശുവണ്ടിവ്യാപാരത്തിന് വിൽപ്പന നികുതി ചുമത്തുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) സ്റ്റേറ്റിനകത്തെ അവസാന പർച്ചേസ് പോയിന്റിൽ.

(ബി) ഇല്ല.

വിദ്യാഭ്യാസപദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

*463 [487] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ വിദ്യാഭ്യാസപദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിൽനിന്നും കേരള ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശത്തിൽ അടങ്ങിയിട്ടുള്ള പ്രധാന വസ്തുതകൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ തീരുമാനം എന്താണ്;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിൽ പുതിയതായി വല്ലതും ഉണ്ടോ; എങ്കിൽ ഏതെല്ലാം?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) ഇല്ല.

(ബി, സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ സഹകരണബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

*464 [488] ശ്രീ. ത്യാഗരാജൻ:

ശ്രീ. കല്ലടി നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ശുപാർശകൾ സമർപ്പിക്കാൻ നിയമിച്ചിരുന്ന കമ്മിറ്റി വല്ല ശുപാർശകളും നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ അനുസരിച്ച് ജീവനക്കാരുടെ ശമ്പളത്തിൽ എന്തു ഭേദഗതിയാണ് ശുപാർശ ചെയ്തിട്ടുള്ളത്;

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തെപ്പറ്റിയും ശുപാർശകളെപ്പറ്റിയും ജീവനക്കാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly